ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പുറംപോക്ക സ്ഥലങ്ങളിൽ കൈയേറിയവരുടെ എണ്ണം എത്രയുണ്ടെന്നു പറയാമോ?

Sri. L. M. Pylee: That has nothing to do with this question.

പ്രാതിനിദ്ധ്യക്കുറവുള്ള സമുദായങ്ങൾ

*൯ ൭. (൨ ൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്ക് സർവീസിൽ ജനസംഖ്യക്കണക്കിനു പ്രാതിനിദ്ധ്യക്കുറവുള്ള സമുദായങ്ങൾ പട്ടികജാതിക്കാരൊഴിച്ച് ഏതെല്ലാം;

(ബി) സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിലും കോളേജുകളിലും മേൽപ്രസ്താവിച്ച കണക്കിൻപ്രകാരം പ്രാതിനിദ്ധ്യക്കുറവുള്ള സമുദായങ്ങൾ ഏതെല്ലാം? (പട്ടികജാതിക്കാരൊഴിച്ച്)

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

എ-യും, ബി-യും, പുതിയ ഭരണഘടനഅനുസരിച്ച് സർക്കാർസർവ്വീസിലേക്കുള്ള നിയമനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളെസംബന്ധിച്ചുമുള്ള വ്യവസ്ഥകളിൽ ഒരു വ്യത്യാസവും അവരുടെ സമുദായിക പ്രാതിനിദ്ധ്യം അനുവദിക്കുന്നില്ല. എന്നാൽ പട്ടികജാതിക്കാർക്കുമാത്രം സംവരണം വേണമെന്നുള്ളതുകൊണ്ട് അതുസംബന്ധിച്ച് പര്യാലോചന നടത്തുന്നതിനു ഒരു പ്രത്യേക കമ്മിറ്റിയെ ഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ പട്ടികജാതിക്കാരുടെ പേരു് അതിൽ കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒരു ജാതിക്കാരുടേയും പേർ അതിൽ കൊടുത്തിട്ടില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ചോദ്യത്തിൻറെ (ബി) ഭാഗത്തെക്കുറിച്ച് അതായതു് സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഉത്തരം കിട്ടിയില്ല.

ശ്രീ. സി. കേശവൻ: പബ്ലിക്കുസർവ്വീസിനെ സംബന്ധിച്ചും സാങ്കേതികസ്ഥാപനങ്ങളെസംബന്ധിച്ചും വേണ്ട അന്വേഷണങ്ങൾ നടത്താനാണു് കമ്മിറ്റിയെ നിയമിച്ചിരിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ കമ്മിറ്റി ഏതെല്ലാം കാര്യങ്ങളെക്കുറിച്ചന്വേഷണം നടത്തണമെന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. സി. കേശവൻ: • വ്യവസ്ഥയുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. K. Ramachandran: Are we to understand that Government will never give any safeguard for the interests of minority communities in future?

Sri. C. Kesavan: I explained the whole matter on the first day in reply to a question. Minority communities can only be classified after examination of their position in public service and in the matter of college admission.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ കമ്മിറ്റി ഏതെല്ലാം കാര്യങ്ങൾ പര്യാലോചിക്കണമെന്നു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: ഇതേസംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഞാൻ ഇതിനുമുൻപു പറഞ്ഞിട്ടുള്ളതാണു്. അതായതു് ഈ ബാക്കുവേഡ് കമ്മ്യൂണിറ്റീസിൽ സൗജന്യം ആവശ്യപ്പെടുന്ന സമുദായങ്ങളെ സംബന്ധിച്ചും ഷെഡ്യൂൾഡ് കാസ്റ്റ്സിനെ സംബന്ധിച്ചും ട്രൈബ്സിനെസംബന്ധിച്ചും മറ്റും കോൺസ്റ്റിറ്റ്യൂഷൻ ഫസ്റ്റ്-ാം വകുപ്പു് നാലാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു ചില സൗജന്യങ്ങൾ ചെയ്യുന്നതിനു് സ്റ്റേറ്റ്ഗവണ്മെൻറിനു് അധികാരമുള്ളതുകൊണ്ടു് അപ്രകാരം ചെയ്യുന്നതിലേക്കു് ഒരു കമ്മിറ്റിയെ ഈ ഗവണ്മെൻറ് നിയമിച്ചിട്ടുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആ കമ്മിറ്റി എന്നു റിപ്പോർട്ടു സമർപ്പിക്കണമെന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കൊടുത്തിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവർ ഇതുവരെ എന്തുജോലി ചെയ്തു എന്നു പറയാമോ?

ശ്രീ. സി. കേശവൻ: അവർ സ്റ്റാറ്റിസ്റ്റിക്സ് നോക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവർ എന്നു റിപ്പോർട്ടു സമർപ്പിക്കണമെന്നു നിർദ്ദേശം ഉണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

നേഴ്സിംഗ് പരിശീലനം

*൯൫. (൨൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ ജനറലാശുപത്രിയിൽ ഈ കൊല്ലം നേഴ്സിംഗ് പരിശീലനം നടത്തുന്ന വിദ്യാർത്ഥിനികൾ എത്ര; കോഴ്സു് എത്ര കൊല്ലമാണു്;

(ബി) ഓരോരുത്തർക്കും എത്ര സംഖ്യ പ്രതിമാസം സ്റ്റൈപ്പെൻറായി കൊടുത്തുവരുന്നുണ്ടു്;

(സി) എറണാകുളം ജനറലാശുപത്രിയിൽ എത്രപേരെ നേഴ്സിംഗ് കോഴ്സിനു തെരഞ്ഞെടുത്തിട്ടുണ്ടു്; കോഴ്സു് എത്രകൊല്ലം നീണ്ടുനിൽക്കും; അവർക്കു പ്രതിമാസം വല്ല സ്റ്റൈപ്പെൻറും കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്; മുൻകാലങ്ങളിൽ അവർക്കു് സ്റ്റൈപ്പെൻറ് ലഭിച്ചിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) തുകെ ൪൫ വിദ്യാർത്ഥിനികൾ ഉണ്ടു്. അവരിൽ ൨൫ പേരുടെ കോഴ്സു് മൂന്നാമത്തെ കൊല്ലവും ബാക്കി ആദ്യത്തെ കൊല്ലം പഠിക്കുന്നവരുമാണു്.

(ബി) അവർക്കു് ൩൫ രൂപാ സ്റ്റൈപ്പെൻറും ൯ രൂപാ ഡോബി അലവൻസും കൊടുക്കുന്നുണ്ടു്.

(സി) ൧൭ പേരെ തെരഞ്ഞെടുത്തിട്ടുണ്ടു്. അതിൽ ൧൦ പേർ മൂന്നാമത്തെ കൊല്ലത്തിൽ പഠിക്കുന്നവരും ബാക്കിയുള്ളവർ ആദ്യത്തെ കൊല്ലത്തിലും പഠിക്കുന്നവരുമാകുന്നു. അവരുടെ കോഴ്സു് ൪ കൊല്ലം ഉണ്ടായിരിക്കുന്നതാണു്. മൂന്നാമത്തെ കൊല്ലത്തിൽ പഠിക്കുന്നവർക്കു് തുകെ ൪൫ രൂപാ വീതം

LIBRARY ARCHIVES Kerala Legislative Assembly